പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. T.6274 — 07.11.2016 ൽ മറുപടിക്ക്

## റോഡപകടങ്ങൾ കുറയ്ക്കുന്നതിന് പുതിയ പരിഷ്കാരങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. പാറക്കൽ അബ്ദുല്ല | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |
| ട്രാഫിക് സിഗ്നലുകൾ സ്ഥാപിച്ചിട്ടും സംസ്ഥാനത്തെ ദേശീയപാതകളിൽ പെരുകിയിട്ടും റോഡപകടങ്ങളുടെ എണ്ണത്തിൽ കാര്യമായ കുറവില്ലാത്തത് പരിശോധിച്ചിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| എങ്കിൽ ഗതാഗത നിയമങ്ങൾ പാലിക്കാത്തവരെ പിടികൂടാൻ സിഗ്നലുകൾക്ക് സമീപം ക്യാമറകൾ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ; | (ബി) | ഇത്തരം നിയമലംഘകരെ കണ്ടെത്തുന്നതിന് ക്യാമറകൾ സ്ഥാപിക്കുന്നത് ഘട്ടം ഘട്ടമായി നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുന്നു. |
| തെരുവുവിളക്കില്ലാത്ത ഭാഗങ്ങളിൽ റോഡ് മുറിച്ചുകടക്കുന്ന യാത്രക്കാർ വെളിച്ചക്കുറവു മൂലം അപകടത്തിൽപ്പെടുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (സി) | ഇത്തരം മേഖലകളിൽ റോഡ് സേഫ്റ്റി കമ്മിറ്റികളുടെ ശുപാർശ പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| എങ്കിൽ റോഡപകടങ്ങൾ കുറയ്ക്കുന്നതുമായി ബന്ധപ്പെട്ട് നടപ്പാക്കാനുദ്ദേശിക്കുന്ന പുതിയ പരിഷ്കാരങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ? | (ഡി) | അപകടസാധ്യത കൂടിയ പ്രദേശങ്ങളിൽ വാഹനങ്ങളെ നിരീക്ഷിക്കുന്നതിലേക്കായി ക്യാമറ സംവിധാനങ്ങളും, വാഹന പരിശോധനയ്ക്കായി പുതിയ ഇന്റർസെപ്റ്ററുകളും മദ്യപിച്ച വാഹനമോടിക്കുന്നവരെ കണ്ടുപിടിക്കുന്നതിലേക്കായി ആൽക്കോമീറ്ററുകളും വാങ്ങുന്നതിലേക്കുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. എല്ലാ ആർ.ടി.ഒ/ജോയിന്റ് ആർ.ടി.ഒ ഓഫീസ് പരിധിയിലും കമ്പ്യൂട്ടറൈസ്ഡ് വാഹന പരിശോധനയും ഡ്രൈവിംഗ് ടെസ്റ്റിംഗ് ട്രാക്കും,ഭൂമി ലഭിക്കുന്നതിനനുസരിച്ച് നടപ്പിലാക്കുന്നത് പരിശോധിച്ചുവരുന്നു. എല്ലാ വിഭാഗങ്ങളിലുമുള്ള ജനങ്ങൾക്ക് സുരക്ഷിതമായ ഡ്രൈവിംഗ്/യാത്ര ഉറപ്പാക്കുന്നതിലേയ്ക്ക് പരിശീലന പരിപാടികൾ വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ